*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

151th Issue - Volume 4, No. 32 ജാഗ്രത 18th September 2010

"എപ്പോഴും ദൈവഭക്തിയിൽ ഉറച്ചു നിൽക്കുക. തീർച്ചയായും നിനക്കൊരു ഭാവിയുണ്ട്. നിന്റെ പ്രതീക്ഷയ്ക്ക് ഭംഗം നേരിടുകയില്ല."

(സുഭാഷിതങ്ങൾ 23: 17-18)



Pope Benedict XVI in UK

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## പ്രധാന വാർത്തകൾ

നിയമം അനുശാസിക്കുന്ന ശിക്ഷണനടപടി സ്വീകരിക്കാൻ മാനേജ്മെന്റ് നിർബന്ധിതമായി:
മാർ ജോർജ് പുന്നക്കോട്ടിൽ

---

ആത്മീയജീവിതം സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണം:
ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ

---

കുടുംബങ്ങൾ മൂല്യങ്ങളുടെ വിളനിലം:
മാർ മാത്യു മൂലക്കാട്ട്

---

ചോദ്യപേപ്പർവിവാദം - അന്വേഷണത്തിന്റെ നാൾവഴി:
മോൺ. തോമസ് മലേക്കുടി

## നിയമം അനുശാസിക്കുന്ന ശിക്ഷണനടപടി സ്വീകരിക്കാൻ മാനേജ്മെന്റ് നിർബന്ധിതമായി: മാർ ജോർജ് പുന്നക്കോട്ടിൽ

---



തൊടുപുഴ ന്യൂമാൻ കോളജിൽ ഉടലെടുത്ത ചോദ്യപേപ്പർ വിവാദത്തിൽ പ്രഫ. ടി.ജെ. ജോസഫിനെതിരേ നിയമം അനുശാസിക്കുന്ന ശിക്ഷണ നടപടി സ്വീകരിക്കാൻ മാനേജ്മെന്റ് നിർബന്ധിതമായതാണെന്നു കോതമംഗലം ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ. ക്രൂരമായി ആക്രമിക്കപ്പെട്ടു എന്ന കാരണത്താൽ തെറ്റായ ചോദ്യം തയാറാക്കിയ അധ്യാപകന്റെ പേരിലുള്ള കുറ്റം ഒഴിവാക്കപ്പെടാവുന്നതല്ലെന്ന് രൂപതയിലെ പള്ളികളിൽ വായിക്കാനായി പുറപ്പെടുവിച്ച സർക്കുലറിൽ മാർ പുന്നക്കോട്ടിൽ ചൂണ്ടിക്കാട്ടി. പ്രഫ. ജോസഫിനെതിരേ മാനേജ്മെന്റ് സ്വീകരിച്ച ശിക്ഷണ നടപടി കടന്നുപോയി എന്ന ആക്ഷേപം ഉയർന്നിരിക്കെ, എന്തുകൊണ്ടാണ് കടുത്ത നടപടി വേണ്ടിവന്നതെന്നതെന്നു വിശദീകരിക്കേണ്ടതു തന്റെ ചുമതലയാണെന്ന് ബിഷപ് സർക്കുലറിലൂടെ വ്യക്തമാക്കുന്നുണ്ട്. വിവാദ ചോദ്യപേപ്പർ മുസ്‌ലിം സഹോദരങ്ങളുടെ മതവികാരം വ്രണപ്പെടുത്തുകയും തൊടുപുഴയിൽ സംഘർഷാവസ്ഥയും ക്രമസമാധാന പ്രശ്നങ്ങളുമുണ്ടാവുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ, സമുദായസൗഹാർദം തകരുന്ന വിധത്തിലുള്ള ഗൗരവമായ ഒരവസ്ഥയുണ്ടാകുന്നു എന്നു മനസിലായ നിമിഷം തന്നെ മാനേജ്മെന്റ് ഇതിനു കാരണക്കാരനായ അധ്യാപകനെ നിയമപ്രകാരം സസ്പെൻഡ് ചെയ്തു. തുടർന്ന് കാരണംകാണിക്കൽ നോട്ടീസ് നൽകി. സമഗ്ര അന്വേഷണത്തിന് ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകരടങ്ങുന്ന കമ്മീഷനെ നിയോഗിച്ചു. അധ്യാപകൻ തയാറാക്കിയ വിവാദ ചോദ്യത്തിലൂടെ കോളജിനും, കോളജ് ഉയർത്തിപ്പിടിക്കുന്ന ഉന്നത മൂല്യങ്ങൾക്കും, മതസൗഹാർദത്തിനും, സാമുദായികമൈത്രിക്കും ക്ഷതമേറ്റുവെന്നാണ് അഞ്ചുമാസമായി കമ്മീഷൻ നടത്തിയ അന്വേഷണങ്ങളും പരിശോധനകളുംവഴി കണ്ടെത്താനായത്. സഭാ സ്ഥാപനത്തിലെ ഒരു അധ്യാപകനിൽ നിന്ന് ഇത് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണെന്നും ബിഷപ് ചൂണ്ടിക്കാട്ടി.

വിവാദചോദ്യം അധ്യാപകൻ ബോധപൂർവം ഉൾപ്പെടുത്തിയതാണ് എന്നു കാണിക്കുന്ന തെളിവുകളാണ് അന്വേഷണ കമ്മീഷനു ലഭിച്ചത്. ഈ ചോദ്യത്തിലെ അനൗചിത്യം കോളജിലെ ഡിടിപി ഓപ്പറേറ്റർ അധ്യാപകന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അദ്ദേഹം അതു പരിഗണിച്ചില്ല. ഉത്തരമെഴുതിയ ഒരു വിദ്യാർഥിനി ഈ ചോദ്യത്തോടുള്ള തന്റെ പ്രതിഷേധം രേഖപ്പെടുത്തുകയും അത് അധ്യാപകനെ നേരിട്ട് അറിയിക്കുകയും ചെയ്തതാണ്. ചോദ്യപേപ്പർ തയാറാക്കിയതിൽ പ്രിൻസിപ്പലിനും മാനേജ്മെന്റിനും പങ്കുണ്ടെന്നു വരുത്തിത്തീർക്കാൻ ബോധപൂർവമായ ശ്രമങ്ങളും നടന്നു. ഇതിന്റെ ഫലമായി സർവകലാശാല അധികൃതർ പ്രിൻസിപ്പലിനെതിരേ നടപടി സ്വീകരിച്ചു. അധ്യാപകനെതിരേ കമ്മീഷൻ കണ്ടെത്തിയ ഗൗരവമായ കുറ്റങ്ങളും നിയമാനുസൃതമായ ശിക്ഷണ നടപടികളും അധ്യാപകനെ അറിയിക്കുകയും മറുപടി നൽകാൻ അവസരം കൊടുക്കുകയും ചെയ്തു. എന്നാൽ, മറുപടിയിൽ ഒരു വിധത്തിലും തന്റെ തെറ്റ് അധ്യാപകൻ അംഗീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് നിയമം അനുശാസിക്കുന്ന ശിക്ഷണ നടപടി സ്വീകരിക്കാൻ മാനേജ്മെന്റ് നിർബന്ധിതമായത്. ഒരുപറ്റം മത തീവ്രവാദികൾ നിയമം കൈയിലെടുത്ത് അധ്യാപകന്റെ കൈ വെട്ടിമാറ്റിയതുകൊണ്ട് അധ്യാപകൻ ചെയ്ത തെറ്റ് ഇല്ലാതാകുന്നില്ല. അധ്യാപകൻ ക്രൂരമായി ആക്രമിക്കപ്പെട്ടു എന്ന കാരണത്താൽ അധ്യാപകന്റെ പേരിലുള്ള കുറ്റം ഒഴിവാക്കപ്പെടാവുന്നതല്ല. തെറ്റായ ചോദ്യം തയാറാക്കപ്പെട്ടതിന്റെ പേരിൽ സ്ഥാപനത്തിനുമേൽ ചുമത്തപ്പെട്ട ആരോപണങ്ങൾ നിലനിൽക്കുന്നു. അതുകൊണ്ടുകൂടിയാണ് ശിക്ഷണ നടപടികൾ സ്വീകരിച്ചത്. മാനേജ്മെന്റിന്റെ തീരുമാനം കോടതിയിൽ ചോദ്യം ചെയ്യുന്നതിനുള്ള അവകാശവും സ്വാതന്ത്ര്യവും അധ്യാപകനും അദ്ദേഹത്തെ പിന്തുണയ്ക്കുന്നവർക്കും ഉണ്ട്. ശിക്ഷണ നടപടി കൂടിപ്പോയെങ്കിൽ കുറവു ചെയ്യുന്നതിനോ അധ്യാപകനെ വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കുന്നതിനോ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനോ കോടതി നിർദേശിക്കുന്നപക്ഷം മാനേജ്മെന്റ് തയാറാണെന്നും സർക്കുലറിലൂടെ മാർ പുന്നക്കോട്ടിൽ വ്യക്തമാക്കി.

## ആത്മീയജീവിതം സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണം:

### ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ



മനോഗതത്തെ ദൈവത്തിനു സമർപ്പിച്ച് ദൈവം കൽപിക്കുന്ന എല്ലായിടങ്ങളിലും സ്നേഹസമർപ്പണം നടത്തുന്നതാണ് ആത്മീയ ജീവിതമെന്ന് ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ. ചിരട്ടക്കോണം മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ സുവർണജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പരസ്പര സ്നേഹത്തിലധിഷ്ഠിതമായ ജീവിതമുണ്ടായാൽ ലോകത്ത് സംഘർഷങ്ങൾ ഒഴിവാക്കപ്പെടുമെന്നും കാതോലിക്കാ ബാവ പറഞ്ഞു. ജൂബിലി ഉദ്ഘാടനത്തിനെത്തിയ കാതോലിക്കാ ബാവയ്ക്ക് ചിരട്ടക്കോണം ജംഗ്ഷനിൽ സ്വീകരണം നൽകിയാണ് ദേവാലയത്തിലേക്ക് ആനയിച്ചത്. അമ്പത് വർഷത്തെ സൂചിപ്പിക്കുന്ന അമ്പത് പേപ്പൽ ഫ്ളാഗുകളും അമ്പത് മുത്തുക്കുടകളുമായി മാതൃസമൂഹവും ബാലികാ ബാലന്മാരും കാതോലിക്കാ ബാവയെ വരവേറ്റു. ബാവയുടെ കാർമികത്വത്തിൽ വിശുദ്ധ കുർബാനയും നടന്നു. തുടർന്ന് നടന്ന സമ്മേളനത്തിൽ ഒരുവർഷം നീണ്ടുനിൽക്കുന്ന സുവർണജൂബിലി ആഘോഷങ്ങൾ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ.വർഗീസ് കിഴക്കേക്കര, ശാന്തിഭവനം കുഞ്ഞുമോൻ എന്നിവർ പ്രസംഗിച്ചു.

## കുടുംബങ്ങൾ മൂല്യങ്ങളുടെ വിളനിലം:

### മാർ മാത്യു മൂലക്കാട്ട്



കുടുംബങ്ങളാണ് മൂല്യങ്ങളുടെ വിളനിലമെന്നും ജീവിതമാതൃക കൊണ്ടും ജീവിതവിശുദ്ധി കൊണ്ടും മാതാപിതാക്കൾ മാതൃകയാകണമെന്നും കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട്. കോട്ടയം അതിരൂപത ശതാബ്ദിയോടനുബന്ധിച്ചു കിടങ്ങൂർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ പിതൃദിനാഘോഷ പരിപാടിയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. മുൻതലമുറയിൽനിന്നു പകർന്നുകിട്ടിയ വിശ്വാസവും സമുദായ പൈതൃകവും നിലനിർത്തുന്നതിനു പിതാക്കന്മാർ നല്കുന്ന സേവനങ്ങൾ മഹത്തരമാണ്. അടിയുറച്ച ക്രൈസ്തവ വിശ്വാസമാണ് എല്ലാ പുരോഗതിയുടെയും അടിസ്ഥാനം. എന്നാൽ ഇപ്പോൾ കുടുംബങ്ങളിൽ മൂല്യങ്ങൾ നഷ്ടമായി കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സമ്മേളനം ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് പയസ് കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. പിതൃസ്മരണയും പിതൃഭക്തിയും നിത്യേന ചെയ്യേണ്ട കാര്യമാണെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. രൂപതയിലെ 90 വയസു കഴിഞ്ഞ പിതാക്കന്മാരെ കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ ആദരിച്ചു. കെ.എം. മാണി എംഎൽഎ മുഖ്യപ്രഭാഷണം നടത്തി. നൂറു വയസുകഴിഞ്ഞവരെ ചലച്ചിത്രനടൻ ലാലു അലക്സ് ആദരിച്ചു. ക്നാനായ കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് പ്രഫ. ജോയി മുപ്രാപ്പള്ളിൽ, ഫാ. ജേക്കബ് മുല്ലൂർ, ഫാ. ജേക്കബ് വാലേൽ, ബാബു പൂഴിക്കുന്നേൽ, തോമസ് ചാഴികാടൻ എംഎൽഎ എന്നിവർ പ്രസംഗിച്ചു.

### ചോദ്യപേപ്പർവിവാദം - അന്വേഷണത്തിന്റെ നാൾവഴി

2010 മാർച്ച് 23 വിവാദ ചോദ്യപേപ്പർ അടിസ്ഥാനമാക്കി പരീക്ഷ നടന്നു.

24-നും 25-നും ക്ലാസ്സുകൾ സുഗമമായി നടന്നു.

25ന് രാത്രി ഭീഷണി സ്വരത്തിൽ പ്രിൻസിപ്പലിന് ഫോൺകോൾ

26ന് രാവിലെ 4.45 ന് കോളേജിനു ചുറ്റും പോലീസ് സന്നാഹം. കാമ്പസ് പോലീസ് നിയന്ത്രണത്തിലാകുന്നു. ഉടൻ തന്നെ മാനേജരെ പ്രിൻസിപ്പൽ വിവരം ധരിപ്പിച്ചു. മാനേജർ ആവശ്യപ്പെട്ടതനുസരിച്ച് ചോദ്യപേപ്പർ എത്തിച്ചുകെടുത്തു.

8.30 പ്രിൻസിപ്പൽ കോളേജിൽ എത്തി സ്റ്റാഫ് സെക്രട്ടറി വഴി 9.30 ന് സ്റ്റാഫ് കൗൺസിൽ വിളിച്ചു ചേർത്തു.

ഏകദേശം 10 മുസ്ലീം സമുദായം കോളേജിനു നേരെ അക്രമാസക്തമായ പ്രക്ഷോഭം ആരംഭിച്ചു.

10.00 ന് ബഹു. വിദ്യാഭ്യാസമന്ത്രി ശ്രീ എം. എ ബേബിയുടെ പ്രസ്താവന, ചോദ്യം തയ്യാറാക്കിയത് എത്ര വലിയവനെങ്കിലും ശരി പൊതുനിരത്തിലൂടെ കയ്യാമം

വച്ച് നടത്തും.

10.30 പതിനഞ്ചുദിവസത്തേക്ക് ശ്രീ റ്റി ജെ ജോസഫിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തുകൊണ്ടുള്ള മാനേജരുടെ ഉത്തരവ് കോളേജിൽ ലഭിച്ചു.

10.45 കാര്യഗൗരവം മനസ്സിലാക്കിയ പ്രിൻസിപ്പൽ നിരുപാധികം മാപ്പു പറയുകയും സസ്പെൻഷൻ വിവരം മാധ്യമങ്ങളിലൂടെ അറിയിക്കുകയും ചെയ്തു. തുടർന്ന് പോലീസ് നിരോധനാജ്ഞ പ്രഖ്യാപിച്ചു. ഉച്ച കഴിഞ്ഞ് 2 മണിക്ക് യൂണിവേഴ്സിറ്റി പരീക്ഷ സുഗമമായി ആരംഭിച്ചു.

2.30-ന് മുസ്ലീം നേതാക്കളും മറ്റും 144 മറികടന്ന് പ്രിൻസിപ്പലിന്റെ ഓഫീസിൽ അതിക്രമിച്ച് കയറി അനിഷ്ട സംഭവങ്ങളുണ്ടാക്കി.

3.30 ന് കളക്ടർ ഇടപെട്ട് യൂണിവേഴ്സ്റ്റിയുടെ നിർദ്ദേശപ്രകാരം പരീക്ഷ നിർത്തി വച്ചു.

വൈകുന്നേരം നടന്ന സർവവകക്ഷിയോഗത്തിൽ പ്രിൻസിപ്പൽ കാര്യങ്ങൾ വിശദീകരിക്കുകയും വീണ്ടും നിരുപാധികം മാപ്പുപറയുകയും ചെയ്തു.
തുടർന്ന് 28 ദിവസത്തേയ്ക്ക് രാപകൽ കാമ്പസും പരിസരവും പോലീസ് കാവലിലും സംരക്ഷണത്തിലുമായി. റ്റി ജെ ജോസഫ് ഏഴു ദിവസം ഒളിവിൽ - മാനേജ്മെന്റിനും കോളേജിനും ഭീഷണി., പ്രിൻസിപ്പലിനെതിരെ വധഭീഷണി.

08-04-2010 സസ്പെൻഷൻ കാലാവധി നീട്ടികൊണ്ടുള്ള മാനേജരുടെ ഉത്തരവ്. ശ്രീ റ്റി.ജെ ജോസഫിന് നൽകി.

യൂണിവേഴ്സിറ്റി കമ്മീഷൻ ശ്രീ റ്റി.ജെ ജോസഫിനേയും പ്രിൻസിപ്പലിനേയും ഒരുവർഷത്തേയ്ക്ക് സസ്പെന്റ് ചെയ്തതായി പത്രവാർത്ത പരന്നു. എന്നാൽ രേഖാമൂലം ഇന്നുവരെ കോളേജിന് ഒന്നും ലഭിച്ചില്ല.
19-04-2010 മാനേജർ ശ്രീ റ്റി.ജെ ജോസഫിന് മെമ്മോ ഓഫ് ചാർജസ് നൽകി കാരണം കാണിക്കാൻ 15 ദിവസം അനുവദിച്ചു.

05-05-2010 ശ്രീ റ്റിജെ ജോസഫ് മാനേജർക്ക് എഴുതിതയ്യാറാക്കിയ മറുപടി നൽകി.

07-05-2010 അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യപ്പെട്ടിരുന്ന ശ്രീ റ്റി.ജെ ജോസഫിനെ വകുപ്പ് മേധാവി സ്ഥാനത്തുനിന്നും മാറ്റി.

10-05-2010 10മണിക്ക് ഹിയറിംഗ് നടത്തുവാൻ ബിഷപ്സ് ഹൗസിലേക്ക് മാനേജർ ശ്രീ റ്റി.ജെ ജോസഫിനെ വിളിച്ചു.

10-05-2010 താനൊരു മതത്തിനുമെതിരായി പറയുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ലെന്നും അറിവോടെ ചെയ്തതല്ലായെന്നും മാനേജർക്ക് അദ്ദേഹം രേഖാമൂലം മറുപടി നൽകി.

12-05-2010 അച്ചടക്കനടപടികളുടെ ഭാഗമായി ജൂൺ 10നു മുമ്പ് റിപ്പോർട്ട് സമർപ്പിക്കണമെന്ന ആവശ്യപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥനായി മാനേജർ ഹൈക്കോടതി സീനിയർ അഭിഭാഷകനെ നിയമിച്ചു. ശ്രീ റ്റി.ജെ ജോസഫിനെ തന്റെ നിഷ്കളങ്കത തെളിയിക്കാൻ അവസരവും നൽകി.

21-05-2010 അന്വേഷണ ഉദ്യോഗസ്ഥന്റെ പക്കൽ മാനേജുമെന്റിനെ പ്രതിനിധീകരിക്കുവാൻ പ്രസന്റിംഗ് ഓഫീസറായി ഹൈക്കോടതിയിലെ മറ്റൊരു അഭിഭാഷകനെ മാനേജർ ചുമതലപ്പെടുത്തി.

15-06-2010 ശ്രീ റ്റിജെ ജോസഫിനെതിരായ അന്വേഷണം പൂർത്തിയാക്കുവാൻ കൂടുതൽ സമയം അനുവദിക്കണമെന്ന് മാനേജർ യൂണിവേഴ്സിറ്റി വൈസ് ചാൻസലറോട് അഭ്യർത്ഥിച്ചു.

04-07-2010 പള്ളിയിൽ പോയിവന്ന ശ്രീ റ്റിജെ ജോസഫിന്റെ കൈപ്പത്തി വെട്ടിമാറ്റിയ അതിഹീനമായ സംഭവം നടന്നു. വിവരം അറിഞ്ഞ ഉടൻ മാനേജർ മോൺ. തോമസ് മലേക്കുടി , മോൺ. ഫ്രാൻസീസ് ആലപ്പാട്ട്, ഫാ. ജോസഫ് കോയിത്താനത്ത്, ഫാ.കുര്യാക്കോസ് കൊടകല്ലിൽ എന്നിവർ സംഭവസ്ഥലത്ത്

എത്തി സ്ഥിതിഗതികൾ വിലയിരുത്തി. പോലീസ് മേധാവികളുമായി ചർച്ച നടത്തുകയും വീട്ടിലെത്തി സാറിന്റെ മാതാവിനേയും കുടുംബാംഗങ്ങളേയും ആശ്വസിപ്പിക്കുകയും ചെയ്തു.

ഞായറാഴ്ചയായിരുന്നുവെങ്കിലും മാനേജരുടെ നിദ്ദേശാനുസരണം പ്രിൻസിപ്പൽ കോളജിലെത്തി സ്റ്റാഫ് കൗൺസിൽ വിളിക്കുകയും ശ്രീ റ്റിജെ ജോസഫിന്റെ ചികിത്സാചെലവിലേയ്ക്കായി അടിയന്തിരമായി 1,30,000/- രൂപ അദ്ധ്യാപകർ വശം ആശുപത്രിയിലേക്ക് കൊടുത്തയയ്ക്കുകയും ചെയ്തു.

04-07-2010 ൽ വീണ്ടും കോളേജിന് താൽക്കാലിക പോലീസ് സംരക്ഷണം.

05-07-2010 മാനേജരുടെ നിർദ്ദേശപ്രകാരം പ്രിൻസിപ്പൽ വിളിച്ചു ചേർത്ത സ്റ്റാഫ് മീറ്റിംഗിൽ അദ്ധ്യാപകരിൽനിന്നും സ്വരൂപിച്ച തുക ശ്രീ റ്റി.ജെ ജോസഫിന് നൽകുവാൻ മൂന്നംഗകമ്മറ്റിയെ നിയമിക്കുകയും ടി തുക ശ്രീ റ്റി.ജെ ജോസഫിന് നൽകുകയും ചെയ്തു. (കൊടുത്ത തുക ന്യൂമാൻ കോളേജ് 322000, നിർമല കോളേജ് 216500, കൊടുക്കുവാൻ അനദ്ധ്യാപകരുടെ കൈവശം ബാക്കിയുള്ളത് 31500)

11-07-2010ൽ ടിവിയിലൂടെ കോളേജ് പ്രിൻസിപ്പലിനെതിരെ വധഭീഷണി! കാര്യഗൗരവം മനസ്സിലാക്കിയ സർക്കാർ സ്വമേധയ പ്രിൻസിപ്പലിന് രണ്ട് പോലീസ് അംഗരക്ഷകരേയും നൽകി. ഇന്നും അത് തുടരുന്നു.

09-08-2010 അന്വേഷണ റിപ്പോർട്ടിന്റെ കോപ്പിയും കണ്ടെത്തലിന്റെ സ്റ്റേറ്റ്മെന്റും മാനേജർ ശ്രീ റ്റി.ജെ ജോസഫിന് നൽകി.

മഹാത്മഗാന്ധിയൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് 73 അദ്ധ്യായം 45 പ്രകാരം ശ്രീ റ്റി.ജെ ജോസഫിനെ സർവ്വീസിൽനിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചതായി അറിയിച്ചു. എതിർന്യായം ഉണ്ടെങ്കിൽ ബോധിപ്പിക്കാൻ 15 ദിവസം അനുവദിക്കുകയും ചെയ്തു.
24-08-2010 താൻ തെറ്റ് ചെയ്തിട്ടില്ലെന്നും തെറ്റിദ്ധാരണകളുടേയും ആസൂത്രിത ഗൂഢശ്രമങ്ങളുടേയും ഫലമാണ് ഈ പ്രശ്നങ്ങളെന്നും അദ്ദേഹം മറുപടി നൽകി.

01-09-2010 മറുപടി തൃപ്തികരമല്ലാതിരുന്നതിനാൽ 01-09-2010 മുതൽ ശ്രീ റ്റിജെ ജോസഫിനെ സർവ്വീസിൽനിന്നുംനീക്കം ചെയ്തുകൊണ്ടുള്ള മാനേജരുടെ ഉത്തരവ് ടിയാനു കൈമാറി

Msgr. Thomas Malekudy
Manager of Colleges
Kothamangalam

## ലോഗോസ് ക്വിസ് 2010:

**സെപ്തംബർ 26-ാം തീയതി നാലു ലക്ഷത്തിഎൺ പത്തിഅയ്യായിരം പേർ മത്സരപ്പരീക്ഷയെഴുതും**

കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന ലോഗോസ് ക്വിസ് 2010-ൽ ഈ വർഷം നാലു ലക്ഷത്തിഎൺപത്തിഅയ്യായിരം പേർ മത്സരപ്പരീക്ഷയെഴുതും. തമിഴ്നാട്ടിലെ രാമനാഥപുരം ഉൾപ്പെടെ 31 രൂപതകളിൽപ്പെട്ട വിവിധ പള്ളികളിലും സ്ഥാപനങ്ങളിലുമായി സെപ്തംബർ 26-ാം തീയതിയായിരിക്കും ഈ മെഗാ ബൈബിൾ ക്വിസ് നടത്തപ്പെടുന്നത്. രജിസ്ട്രേഷനിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 45000 പേരുടെ വർധനവുണ്ടായെന്ന് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറിയും ലോഗോസ് ക്വിസ് സംസ്ഥാനതല കോ-ഓർഡിനേറ്ററുമായ റവ. ഡോ. ജോഷി മയ്യാറ്റിൽ അറിയിച്ചു.

**"Jagratha News"** - An internet news service is free and for private circulation

**Web:** www.kcbcsocialharmony.org, **Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA